# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

10.08.2017 ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നമ്പർ.1213

**പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും നഷ്ടങ്ങളും**

| ചോദ്യം<br><br>ശ്രീ. പി. കെ. ശശി | | മറുപടി<br><br>പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്ലസ് 2 കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഉപരിപഠന പ്രവേശന പരീക്ഷകളായ നീറ്റ് (കേന്ദ്രസർക്കാർ അധീനതയിൽ) മറ്റു സംസ്ഥാന സർക്കാർ എൻട്രൻസ് പരീക്ഷകൾ, ഡിഗ്രി അഡ്മിഷൻ എന്നിവ നടത്തുന്നത് പല വകുപ്പുകളായതിനാൽ, ആയതിന് ഒരു സംസ്ഥാനതല കലണ്ടർ ഇല്ലാത്തതുകൊണ്ട് പ്രസ്തുത വിദ്യാർത്ഥി കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും നഷ്ടങ്ങളും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാകാമോ; | (എ) | KEAM മുഖേന കേരള സർക്കാരും NEET വഴി കേന്ദ്രസർക്കാറും വ്യത്യസ്ത തീയതികളിൽ അഡ്മിഷൻ നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. കേരള സർക്കാർ നടത്തുന്ന KEAM ന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ പുരോഗമിച്ചു വരുമ്പോൾ തന്നെ NEET ഫലം പ്രസിദ്ധീകരിക്കപ്പെടുകയും KEAM പ്രകാരം അഡ്മിഷൻ നേടിയ പല വിദ്യാർത്ഥികളും മെഡിക്കൽ പ്രവേശനം നേടുകയും ചെയ്യുന്നു. |
| (ബി) | ഈവർഷം നീറ്റ് അഡ്മിഷൻ, ഡിഗ്രി അഡ്മിഷൻ എന്നിവ തുടങ്ങിയിട്ടും 5 വർഷ നിയമകോഴ്സുകൾക്കും മെഡിക്കൽ അനുബന്ധ കോഴ്സുകൾക്കും അഡ്മിഷൻ തുടങ്ങാത്തതുമൂലം വിദ്യാർത്ഥികൾക്ക് അവരുദ്ദേശിക്കുന്ന കോഴ്സുകൾക്ക് ചേരാനാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം അനുസരിച്ച് മാത്രമേ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ പ്രവേശനം നടത്താനാകൂ. ആയത് പ്രകാരം 2017 ജൂലൈ 30 - നകം മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടികൾ 2017 ആഗസ്റ്റ് 24 - നകം പൂർത്തിയാക്കുന്നതാണ്.<br>പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശനപരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്ലസ് 2 കഴിഞ്ഞ വിദ്യാർത്ഥികളുടെ ഉപരിപഠനരംഗത്തുള്ള ഈ അവസ്ഥ പരിഹരിക്കാൻ വിദ്യാഭ്യാസ വകുപ്പും മറ്റു വകുപ്പുകളും യോജിച്ചുകൊണ്ട് ഒരു ഏകീകൃത യോഗ്യതാ പരീക്ഷാ/റിസൾട്ട് പ്രഖ്യാപനം, അഡ്മിഷൻ എന്നിവയ്ക്കായി ഒരു ഏകീകൃത പരീക്ഷാ കലണ്ടർ ഉണ്ടാക്കാനും ആയത് പ്ലസ് 2 പൊതു പരീക്ഷ കഴിഞ്ഞയുടൻ തന്നെ പ്രസിദ്ധീകരിക്കാനും ആയതിൻപ്രകാരം അഡ്മിഷൻ ക്രമീകരിക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒരു ഏകീകൃത കലണ്ടർ ഉണ്ടാക്കുക വഴി ഉപരിപഠന രംഗത്ത് വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് അഞ്ചുവർഷ നിയമകോഴ്സുകൾക്ക് പല കോളേജുകളും എൻട്രൻസ് പരീക്ഷ നടത്തുന്നതു തടയുവാനും സംസ്ഥാനതലത്തിൽ ഒറ്റ എൻട്രൻസ് നടത്തുന്നതു പരിഗണിക്കാനും മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ സ്വാശ്രയകോളേജുകൾ ഉൾപ്പെടെ അഞ്ച് വർഷ നിയമ കോഴ്സ് പ്രവേശനം, സംസ്ഥാന പ്രവേശന പരീക്ഷാകമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് നടത്തുന്നത്. |

Rakesh

സെക്ഷൻ ഓഫീസർ